നം.എ2-674/2018/താ.ആ.ഫോ.

താലൂക്ക് ആശുപത്രി ഫോർട്ട്
തിരുവനന്തപുരം, തീയതി.31.08.2018.

## ലേല പരസ്യം

തിരുവനന്തപുരം ഫോർട്ട് താലൂക്കാശുപത്രി കാമ്പസ്സിൽ നിന്നും മുറിച്ചു മാറ്റിയ മരത്തിന്റെ ശിഖരങ്ങൾ താഴെ രേഖപ്പെടുത്തിയിരിക്കുന്ന സമയത്തും, തീയതിയിലും പരസ്യമായി ലേലം ചെയ്ത് നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

പരസ്യലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ, ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ 500/- രൂപ നിരത ദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതാണ്. പരസ്യ ലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളിക്കുന്ന വ്യക്തി കളുടെയോ, സ്ഥാപനങ്ങളുടെയൊ പേരിൽ ലേലം ഉറപ്പിച്ചു നൽകുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ അന്നു തന്നെ ലേല തുകയും, നിയമാനുസൃതമായ നികുതിയും ഉൾപ്പെടെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്. ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം ലേല സാധനങ്ങൾ അവ ഏത് അവസ്ഥയിലാണോ ആ അവസ്ഥയിൽ സ്വന്തം ചിലവിലും, ഉത്തരവാദിത്തത്തിലും,രോഗികൾക്കോ, ജീവനക്കാർക്കോ യാതൊരു ബുദ്ധിമുട്ടും വരുത്താതെ നീക്കം ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം റദ്ദ് ചെയ്യുന്നതും, ടിയാൾ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും, പുനർ ലേലം വിളിക്കുന്നതുമായിരിക്കും.

താഴെ പറഞ്ഞിരിക്കുന്ന പരസ്യലേലം സമയം കഴിഞ്ഞോ, വ്യവസ്ഥകൾ പാലിക്കാത്തവരെയോ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല. മതിയായ തുക ലഭിക്കാതെ വരുന്ന സാഹചര്യത്തിലോ, മറ്റ് കാരണങ്ങളാലോ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം റദ്ദാക്കുവാനോ മാറ്റിവയ്ക്കുവാനോ ഉള്ള പൂർണ്ണ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

| | | |
|---|---|---|
| ലേല സ്ഥലം | - | കോൺഫറൻസ് ഹാൾ. |
| ലേല തീയതിയും, സമയവും | - | 15.09.2018, 11.എ.എം. |

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തിസമയത്ത് ഈ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

സൂപ്രണ്ട്

നോട്ടീസ് ബോർഡ്

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്,തിരുവനന്തപുരം.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) തിരുവനന്തപുരം.
3. സൂപ്രണ്ട്, മെഡിക്കൽകോളേജ് ആശുപത്രി മെന്റൽ ഹെൽത്ത് സെന്റർ/ ജില്ലാ മാതൃകാ ആശുപത്രി- പേരൂർക്കട/./ജനറൽ ആശുപത്രി- തിരുവനന്തപുരം/ഡബ്ല്യൂ.ടി.സി.എച്ച്-തൈയ്ക്കാട്.
4. കോർപ്പറേഷൻ ആഫീസ്, തിരുവനന്തപുരം
5. താലൂക്കാഫീസ്, ഫോർട്ട്, തിരുവനന്തപുരം
6. ഫയൽ/കരുതൽ ഫയൽ..